# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.33** **04-06-2018-ൽ മറുപടിക്ക്**

**ഐ.ടി. മേഖലയുടെ വിപുലീകരണത്തിനായുള്ള പദ്ധതികൾ**

| **ചോദ്യം** | **മറുപടി** |
| --- | --- |
| **ശ്രീ.എം. സ്വരാജ്** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |

| | | | |
| --- | --- | --- | --- |
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഐ.ടി. മേഖലയുടെ വിപുലീകരണത്തിനായി ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ? | എ) | വിവര സാങ്കേതിക വിദ്യാ മേഖലയുടെ വികസനത്തിലൂന്നി സംസ്ഥാനത്തിന്റെ സമ്പത്ത് ഘടനയുടെ വളർച്ചയെ ശക്തിപ്പെടുത്തുന്നതിനും കേരളത്തെ ഒരു ഡിജിറ്റൽ സംസ്ഥാനമാക്കി മാറ്റുന്നതിനും അന്താരാഷ്ട്ര നിലവാരത്തിലുള്ള പശ്ചാത്തല സൗകര്യം ഈ മേഖലയിൽ ഒരുക്കുന്നതിനും സഹായകരമായ രീതിയിൽ സർക്കാർ പുതിയ ഐ.ടി നയം രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ സമഗ്ര ഐ.ടി വികസനം ഉറപ്പാക്കുന്നതിനും ഡിജിറ്റൽ / ഐ.ടി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ഈ സംസ്ഥാനത്തെ ഏറ്റവും പുതിയ പ്രവർത്തനങ്ങൾ പൊതുജന സേവനത്തിനു പ്രയോജനകരമാക്കുന്നതിനു വേണ്ട നിർദ്ദേശങ്ങളും അഭിപ്രായങ്ങളും നൽകുന്നതിനായി ഐ.ടി / വാർത്താ വിനിമയ രംഗത്തെ സുപ്രധാന വ്യക്തികളെ ഉൾപ്പെടുത്തി ഒരു ഉപദേശക സമിതി രൂപീകരിച്ചിട്ടുണ്ട്.<br><br>KFON പദ്ധതി, ടെക്നോസിറ്റിയിൽ ബ്ലോക്ക്ചെയിൻ, ആർട്ടിഫിഷ്യൽ |

| | | | |
|---|---|---|---|
| | | | ഇന്റലിജൻസ്, സൈബർ സെക്യൂരിറ്റി, സ്പെയിസ് സയൻസ്, ഇലക്ട്രോണിക് മൊബിലിറ്റി, ഇന്റർനെറ്റ് അധിഷ്ഠിത സർക്കാർ സേവനങ്ങൾ കൂടുതൽ കാര്യക്ഷമവും ആയാസരഹിതവുമായി ജനങ്ങളിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്ത പദ്ധതിയായ പബ്ലിക് വൈ-ഫൈ പദ്ധതി, ടെക്നോസിറ്റിയിൽ വിഭാവന ചെയ്ത 100 ഏക്കറിലുള്ള നോളഡ്ജ്സിറ്റി പദ്ധതി, കൂടാതെ ഐ.ടി വ്യവസായത്തിലെ പുതിയ ആവശ്യകതകൾക്ക് അനുസൃതമായി യുവതിയുവാക്കളുടെ തൊഴിൽപരമായ കഴിവ് വർദ്ധിപ്പിക്കുവാൻ വേണ്ടി കേരള സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയായ സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം എന്നിവയാണ് ഐ.ടി മേഖലയുടെ വിപുലീകരണത്തിനായി നടപ്പിലാക്കിയ പ്രധാന പദ്ധതികൾ.<br>ഈ സർക്കാരിന്റെ കാലത്ത് സർക്കാർ ഐ.ടി പാർക്കുകൾ നടപ്പിലാക്കിയ പ്രമുഖ പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

സംസ്ഥാന സർക്കാരിന്റെ ഐ.ടി പാർക്കുകളായ ടെക്നോപാർക്ക്-തിരുവനന്തപുരം, ഇൻഫോപാർക്ക്-കൊച്ചി, സൈബർപാർക്ക്-കോഴിക്കോട് എന്നീ പാർക്കുകളിൽ ചെറുതും ഇടത്തരവുമായ ഐ.ടി / ഐ.ടി.ഇ.എസ് സംരംഭകർ ഉൾപ്പെടെ അന്താരാഷ്ട്ര സംരംഭകർക്ക് മിതമായ നിരക്കിൽ SEZ/ Non SEZ മേഖലകളിൽ ലഭ്യമാക്കുന്ന ലോകോത്തര നിലവാരമുള്ള ഐ.ടി കെട്ടിട സൗകര്യങ്ങൾ, അടിസ്ഥാന സൗകര്യങ്ങളും മറ്റു അനുബന്ധ സജ്ജീകരണങ്ങൾ മിതമായ ജല വൈദ്യുതി നിരക്കുകൾ, മികച്ച ജലവൈദ്യുതി വിതരണ സംവിധാനങ്ങൾ, 100% പവർ ബാക്ക്അപ്പ് സംവിധാനം, ഇന്റർനെറ്റ് കണക്ടിവിറ്റി സൗകര്യങ്ങൾ എന്നിവയുള്ള തുടർ പദ്ധതികൾ.

ടെക്നോപാർക്കിന്റെ 400 ഏക്കർ ബൃഹത് പദ്ധതിയായ ടെക്നോസിറ്റി ബഹു.ഇന്ത്യൻ രാഷ്ട്രപതി രാംനാഥ് കോവിന്ദ് ഉത്ഘാടനം ചെയ്തു. ഇവിടെ റോഡ്, വൈദ്യുതി, ജലം തുടങ്ങിയ അടിസ്ഥാന സജ്ജീകരണങ്ങൾ പൂർത്തീകരിച്ചു. ടെക്നോസിറ്റിയിൽ 2 ലക്ഷം ച.അടി. ഐടി കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. 2019 പകുതിയോട്ടുകൂടി ഇത് പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

ടെക്നോസിറ്റിയിൽ 10 ഏക്കറിലുള്ള സൺടെക് ബിസിനസ്സ് സൊല്യൂഷന്റെ 3.4 ലക്ഷം ച.അടി വിസ്തീർണ്ണത്തിലുള്ള ഐ.ടി കെട്ടിട സമുച്ചയത്തിന്റേയും IIITMK യുടെ 5 ലക്ഷം ച.അടി വിസ്തീർണ്ണത്തിലുള്ള ഐ.ടി കെട്ടിട സമുച്ചയത്തിന്റേയും നിർമ്മാണപ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടപ്പിലാക്കി വരുന്നു.

**ടോറസ് – എംബസി വേൾഡ് ടെക്നോളജി പദ്ധതി**

ടെക്നോപാർക്കിന്റെ മൂന്നാംഘട്ടത്തിൽ 19.73 ഏക്കറിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന എംബസി വേൾഡ് ടെക്നോളജി സെന്ററിന്റെ പദ്ധതിയ്ക്ക് US ആസ്ഥാനമായ ടോറസ് ഇൻവെസ്റ്റ്മെന്റ് ഹോൾഡിംഗ്സും ഇന്ത്യൻ നിർമ്മാണ കമ്പനിയായ എംബസി പ്രോപ്പർട്ടി ഡെവലപ്മെന്റ് പ്രൈവറ്റ് ലിമിറ്റഡും ചേർന്നുള്ള 2000 കോടി യുടെ സംയുക്ത സംരഭത്തിലൂടെ ഏകദേശം 1 ലക്ഷം പേർക്ക് നേരിട്ടും അല്ലാതെയും തൊഴിൽ ലഭിക്കും.

വാഹന നിർമ്മാതാക്കളും ലോകത്തിലെ തന്നെ ഏറ്റവും വലിയ ഇലക്ട്രിക് വാഹന നിർമ്മാതാക്കളുമായ ജപ്പാനിലെ നിസ്സാൻ കമ്പനി, ടെക്നോസിറ്റിയിലെ നോളഡ്ജ്സിറ്റിയിൽ 70 ഏക്കറിൽ ഘട്ടംഘട്ടമായി സ്ഥാപിക്കുന്ന നിസ്സാൻ ഡിജിറ്റൽ പദ്ധതിക്കായി ഗവൺമെന്റ് തലത്തിലുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. അതുപോലെ

സംസ്ഥാന സർക്കാരിന്റെ താല്പര്യ പ്രകാരം ടെക്നോസിറ്റിയിൽ VSSC-യുടെ ഒരു സ്പെയിസ് സയൻസ് പാർക്ക് സ്ഥാപിക്കാനും പദ്ധതിയുണ്ട്.

**ഇൻഫോപാർക്ക് – പദ്ധതികൾ**

ഇൻഫോപാർക്കിന്റെ പുതിയ ഐ.ടി കെട്ടിട സമുച്ചയങ്ങളായ രണ്ടാം ഘട്ടത്തിലെ 4 ലക്ഷം ച.അടി. കെട്ടിടം ജ്യോതിർമയ (തൊഴിൽ ലഭ്യത - 3000),കൊരട്ടിയിലെ 3 ലക്ഷം ച.അടി. ഐ.ടി കെട്ടിടമായ ഇന്ദീവരം (തൊഴിൽ ലഭ്യത - 2000) ഉൾപ്പെടെ തൃശ്ശൂർ, ചേർത്തല, ടി.ബിസി എന്നിവിടങ്ങളിലായി നിലവിൽ 60 ലക്ഷം ച.അടി. കെട്ടിടങ്ങളും ഉപസംരംഭകരുടെ കെട്ടിടങ്ങളും.

**സൈബർപാർക്ക്**

കോഴിക്കോട് സൈബർപാർക്കിന്റെ ആദ്യ ഐ.ടി ബിൽഡിംഗ് ആയ 3 ലക്ഷം ച.അടിയിൽ സഹ്യ ഐ.ടി കെട്ടിടം, 3,000 ച.അടി പൂർണ്ണമായും ഫർണിഷ് ചെയ്ത ഓഫീസ് സൗകര്യങ്ങൾ, ആപ് ഇൻകുബേഷൻ സെന്റർ, സൈബർപാർക്ക് കാമ്പസിലെ വൈഫൈ സംവിധാനം.

**സെക്ഷൻ ഓഫീസർ**